"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - കോഴിക്കോട് കാരന്തൂർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No.27435/2025 ന്മേലുള്ള 29.09.2025 ലെ വിധിന്യായം നടപ്പിലാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.49/2026/GEDN തീയതി,തിരുവനന്തപുരം, 05-03-2026

പരാമർശം:-
1. 31.07.2014 ലെ സ.ഉ. (കൈ) നം.143/2014/പൊ.വി.വ.
2. 24.11.2014 ലെ സ.ഉ. (കൈ) നം.247/2014/പൊ.വി.വ.
3. 27.09.2024 ലെ ഇ1/151/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
4. WP(C) 27435/2025 കേസിന്മേലുള്ള 29.09.2025 ലെ വിധിന്യായം.
5. എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2025 ലെ RDDHSE/EKM/6382/2025-A3 നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.11.2025 ലെ HSE/9876/2023-Acd C2 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കാരന്തൂർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിന് ഒരു എച്ച്.എസ്.എസ്.ടി-ജൂനിയർ (അറബിക്) തസ്തിക അനുവദിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കി പരാമർശം (3) പ്രകാരം നിരസിച്ചിരുന്നു. ടി കത്തിനെതിരെ കോർപ്പറേറ്റ് മാനേജർ ബഹു. ഹൈക്കോടതിയിൽ WP(C) No.27435/2025 പ്രകാരം കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി പരാമർശം (3) കത്ത് (എക്സിബിറ്റ് പി8) റദ്ദാക്കുകയും, ഹർജിക്കാരന് ഹിയറിംഗിന് അവസരം നൽകി വിധിപ്പകർപ്പ് ലഭിച്ച് 6 ആഴ്ചയ്ക്കകം വിഷയം പുന:പരിഗണിച്ച് തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (4) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. കൂടാതെ, ടി വിഷയത്തിൽ തീരുമാനമെടുക്കുമ്പോൾ 29.05.2025 ലെ സ.ഉ.(കൈ) നം.95/2025/പൊ.വി.വ ഉത്തരവ് (എക്സിബിറ്റ് പി9), W.A.No.2203/2012 ന്മേലുള്ള വിധിന്യായം, 2025 ൽ നായരമ്പലം ഭഗവതി വിലാസം എച്ച്.എസ്.എസ് ന് തസ്തിക അനുവദിച്ച ഉത്തരവ് എന്നിവ കൂടി പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനും മറ്റു ബന്ധപ്പെട്ട കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"ചേരാനെല്ലൂർ അൽ ഫാറൂഖിയ സ്കൂളിന് 31.07.2014-ലെ സ.ഉ.(കൈ) നം.143/14/പൊ.വി.വ, 24.11.2014 ലെ സ.ഉ.(കൈ) നം.247/14/പൊ.വി.വ ഉത്തരവുകൾ പ്രകാരം ഹയർ സെക്കന്ററി ബാച്ചുകളും ഉപഭാഷകളായി അറബിക്, മലയാളം എന്നീ ഭാഷകളും അനുവദിച്ച നൽകിയിരുന്നു. തുടർന്ന് 06.02.2019 ലെ GO.No 14/19/GEDN, 25.01.2021 ലെ GO.No.41/21/GEDN ഉത്തരവുകൾ പ്രകാരം തസ്തികകൾ അനുവദിച്ച നൽകിയപ്പോൾ അറബിക് തസ്തിക ഉൾപ്പെട്ടിരുന്നില്ല. ചേരാനല്ലൂർ അൽ-ഫാറൂഖിയ എച്ച്.എസ്.എസ് ന്യൂനപക്ഷ പദവി നേടിയ സ്കൂളാണ്. ടി സ്കൂളിന് ഹയർ സെക്കന്ററി ബാച്ച് അനുവദിച്ച സമയം മുതൽ തന്നെ എച്ച്.എസ്.എസ്.ടി ജൂനിയർ (അറബിക്) തസ്തികയ്ക്ക് ആവശ്യമായ കുട്ടികൾ സ്കൂളിൽ ലഭ്യമാണ്. ഹയർ സെക്കണ്ടറി സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ച 16.03.2024 ലെ GO(MS).No35/2024/GEDN ഉത്തരവിലെ ഖണ്ഡിക 5 ൽ അറബിക് ഉപഭാഷ തസ്തിക നിർണയത്തിനാവശ്യമായ വിദ്യാർത്ഥികളുടെ എണ്ണം 10 ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചേരാനെല്ലൂർ പഞ്ചായത്തിലെ ഒരേയൊരു ഹയർ സെക്കന്ററി സ്കൂളാണ് അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂൾ. പ്രസ്തുത സ്കൂളിലെയും സമീപ ഹൈസ്കൂളുകളിലെയും വിദ്യാർത്ഥികൾ ഹയർ സെക്കന്ററി പഠനത്തിന് ആശ്രയിക്കുന്നത് ടി സ്കൂളിനെയാണ്. ആയതിനാൽ തന്നെ ഓരോ അക്കാഡമിക് വർഷത്തിലും എച്ച്.എസ്.എസ്.ടി-ജൂനിയർ (അറബിക്) തസ്തികയ്ക്ക് ആവശ്യമായതിലും അധികം വിദ്യാർത്ഥികൾ ഇവിടെ ഉപഭാഷയായി അറബിക് തിരഞ്ഞെടുത്തു വരുന്നു. മേൽ സാഹചര്യത്തിൽ, വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെയും, നിലവിലെ ഉത്തരവുകളുടെയും, നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പഠനം മുൻനിർത്തിയും മൈനോരിറ്റി പദവി നേടിയ സ്കൂൾ എന്ന നിലയിലും ചേരാനെല്ലൂർ അൽ ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിന് അർഹതപ്പെട്ട എച്ച്.എസ്.എസ്.ടി-ജൂനിയർ (അറബിക്) തസ്തിക അനുവദിച്ച നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം."

3. വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ടുകൾ പ്രകാരം, കോഴിക്കോട് കാരന്തൂർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിന് 31.07.2014-ലെ സ.ഉ.(കൈ) നം.143/14/പൊ.വി.വ പ്രകാരം ഹയർ സെക്കന്ററി ബാച്ച് അനുവദിച്ചിരുന്നു. തുടർന്ന് 24.11.2014 ലെ സ.ഉ.(കൈ) നം.247/14/പൊ.വി.വ പ്രകാരം താൽക്കാലിക പ്രവർത്താനാനുമതി ലഭിച്ച സ്കൂളുകൾക്ക് അധിക ഹയർ സെക്കന്ററി വിഷയ കോമ്പിനേഷൻ അനുവദിച്ച് ഉത്തരവായത് പ്രകാരം, ടി സ്കൂളിൽ കോമേഴ്സ് ബാച്ചിനൊപ്പം (39) ഒരു അധിക തസ്തിക ഉൾപ്പെടുത്തി വിഷയ കോമ്പിനേഷൻ അനുവദിച്ച് ഉത്തരവായി. പിന്നീട് 25.01.2021-ലെ സ.ഉ.(കൈ) നം.41/2021/പൊ.വി.വ പ്രകാരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ അതിൽ രണ്ടാം ഭാഷയായി അറബിക് തസ്തിക ഉൾപ്പെടുത്തിയിരുന്നില്ല. നിലവിൽ ടി സ്കൂളിൽ ആകെ 3 എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികകളും 8 എച്ച്.എസ്.എസ്.ടി തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഐ.സി.ടി സെൽ ഡാറ്റ പ്രകാരം സ്കൂളിൽ അറബിക് ഉപഭാഷയായി പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം പരിശോധിക്കുമ്പോൾ ഒരു എച്ച്.എസ്.എസ്.റ്റി-ജൂനിയർ (അറബിക്) തസ്തിക സൃഷ്ടിക്കുന്നതിനുള്ള മതിയായ ജോലിഭാരം ഉള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2024-25 വർഷം അധിക തസ്തികകൾ അനുവദിച്ചു കൊണ്ടുള്ളതാണ് 29.05.2025 ലെ സ.ഉ.(കൈ) നം.95/2025/പൊ.വി.വ (എക്സിബിറ്റ് പി9) ഉത്തരവ്. എൽ.പി/യു.പി/ഹൈസ്കൂളുകളിൽ എല്ലാ വർഷവും ആറാമത്തെ അധ്യയന ദിവസം വിദ്യാർത്ഥികളുടെ എണ്ണം അവലോകനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുമ്പോൾ ഡിവിഷനുകളും തൽഫലമായി തസ്തികകളും നഷ്ടപ്പെടുകയും വിദ്യാർത്ഥികളുടെ എണ്ണം കൂടുമ്പോൾ അധിക തസ്തികകൾ അനുവദിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ എക്സിബിറ്റ് പി9 ഉത്തരവ് ഈ കേസിൽ ബാധകമാക്കാനാവില്ല. W.A.No.2203/2012 ന്മേലുള്ള വിധിന്യായം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ടതാണെങ്കിലും ഒരു വിഭാഗത്തിന് ചട്ടപ്രകാരം അനുവദനീയമായ ആനുകൂല്യങ്ങൾ സാമ്പത്തിക സ്ഥിതി ചൂണ്ടിക്കാട്ടി തടയാനാവില്ലെന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. നായരമ്പലം ഭഗവതി വിലാസം എച്ച്.എസ്.എസ് ൽ എച്ച്.എസ്.എസ്.റ്റി (ഫിസിക്സ്), എച്ച്.എസ്.എസ്.റ്റി (കെമിസ്ട്രി), എച്ച്.എസ്.എസ്.റ്റി (ഗണിതം) എച്ച്.എസ്.എസ്.റ്റി-ജൂനിയർ (കമ്പ്യൂട്ടർ സയൻസ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി), ലാബ് അസിസ്റ്റന്റ് തസ്തികകൾ പുതിയതായി സൃഷ്ടിച്ചും എച്ച്.എസ്.എസ്.റ്റി -ജൂനിയർ (ഇംഗ്ലീഷ്) തസ്തിക എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയായി ഉയർത്തിയും 11.08.2025 ലെ സ.ഉ (കൈ) നം. 139/2025/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. ഐ.സി.ടി സെൽ ഡാറ്റ പ്രകാരം സ്കൂളിൽ അറബിക് ഉപഭാഷയായി പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം പരിശോധിക്കുമ്പോൾ ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി-ജൂനിയർ (അറബിക്) തസ്തിക സൃഷ്ടിക്കുന്നതിനുള്ള മതിയായ ജോലിഭാരം ഉള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

5. മേൽ സാഹചര്യത്തിൽ, കോഴിക്കോട് കാരന്തൂർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി-ജൂനിയർ (അറബിക്) തസ്തിക പുതുതായി സൃഷ്ടിച്ചും അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (4) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, എറണാകുളം.
കോർപ്പറേറ്റ് മാനേജർ, മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി,
കാരന്തൂർ, കോഴിക്കോട്.
പ്രിൻസിപ്പൽ, അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂൾ, ചേരാനെല്ലൂർ, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.എസി) വകുപ്പ് (ഇനം നം. 3764 തീയതി 28.02.2026)
ധനകാര്യ വകുപ്പ് (31.12.2025 ലെ E:2666897/EDN-B1/16/2024-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shajahan. S
Date: 06-03-2026 14:12:40

സെക്ഷൻ ഓഫീസർ

*പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 28-02-2026**

ഫയൽ നം. ഇ1/181/2025/പൊ.വി.വ. ഇനം നം: 3764

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് കാരന്തൂർ കാന്തപുരം എ.പി. അബൂബക്കർ മുസലിയാർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.ടി.-ജൂനിയർ (അറബിക്) തസ്തിക പുതുതായി സൃഷ്ടിച്ച് WP(C)No.27435/2025 കേസിലെ 29.09.2025-ലെ വിധിന്യായം നടപ്പിലാക്കുന്നത്.

തീരുമാനം : "എ. പി. അബൂബക്കർ മുസലിയാർ" എന്ന ഭാഗം ഒഴിവാക്കി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

3764

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ 1/181/2025/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ് |
| 3 | വിഷയം | : | കോഴിക്കോട് കാരന്തൂർ കാന്തപുരം എ.പി.അബൂബക്കർ മുസലിയാർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.ടി-ജൂനിയർ (അറബിക്) തസ്തിക പുതുതായി സൃഷ്ടിച്ച് WP(C) No.27435/2025 കേസിലെ 29.09.2025 ലെ വിധിന്യായം നടപ്പിലാക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/02/2026 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതേ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ജയകുമാർ സി എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. കെ വാസുകി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/02/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/02/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25/02/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26/02/2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് കാരന്തൂർ കാന്തപുരം എ.പി.അബൂബക്കർ മുസലിയാർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.ടി-ജൂനിയർ (അറബിക്) തസ്തിക പുതുതായി സൃഷ്ടിച്ച് കോർപ്പറേറ്റ് മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ. 27435/2025 കേസിലെ 29.09.2025 ലെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) കോഴിക്കോട് കാരന്തൂർ കാന്തപുരം എ.പി.അബൂബക്കർ മുസലിയാർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിന് ഒരു എച്ച്.എസ്.എസ്.ടി-ജൂനിയർ (അറബിക്) തസ്തിക അനുവദിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച ശിപാർശ നിരസിച്ചതിനെതിരെ കോർപ്പറേറ്റ് മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ. 27435/2025 കേസിലെ 29.09.2025 ലെ വിധിന്യായത്തിൽ 27.09.2024 ലെ ഇ 1/151/2024/പൊ.വി.വ കത്ത് (എക്സിബിറ്റ് പി8) റദ്ദാക്കുകയും, ഹർജിക്കാരനെ നേരിൽ കേട്ട് 6 ആഴ്ചയ്ക്കകം തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയുമുണ്ടായി. കൂടാതെ ടി വിഷയത്തിൽ തീരുമാനമെടുക്കുമ്പോൾ 29.05.2025 ലെ സ.ഉ.(കൈ)നം.95/2025/പൊ.വി.വ ഉത്തരവ് (എക്സിബിറ്റ് പി9), W.A.No.2203/2012 ന്മേലുള്ള വിധിന്യായം, 2025 ൽ നായരമ്പലം ഭഗവതി വിലാസം എച്ച്.എസ്.എസ് ന് തസ്തിക അനുവദിച്ച ഉത്തരവ് എന്നിവ കൂടി പരിഗണിക്കണമെന്ന് ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

3) വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും 06.11.2025 ന് നേരിൽ കേൾക്കുകയുണ്ടായി. വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ടുകൾ പ്രകാരം, കോഴിക്കോട് കാരന്തൂർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിന് 31.07.2014-ലെ സ.ഉ.(കൈ) നം.143/14/പൊ.വി.വ പ്രകാരം ഹയർ സെക്കന്ററി ബാച്ച് അനുവദിച്ചിരുന്നു. തുടർന്ന് 24.11.2014 ലെ സ.ഉ.(കൈ) നം.247/14/പൊ.വി.വ പ്രകാരം താൽക്കാലിക പ്രവർത്താനാനുമതി ലഭിച്ച സ്കൂളുകൾക്ക് അധിക ഹയർ സെക്കന്ററി വിഷയ കോമ്പിനേഷൻ അനുവദിച്ച് ഉത്തരവായത് പ്രകാരം, ടി സ്കൂളിൽ കോമേഴ്സ് ബാച്ചിനൊപ്പം (39) ഒരു അധിക തസ്തിക

ഉൾപ്പെടുത്തി വിഷയ കോമ്പിനേഷൻ അനുവദിച്ച് ഉത്തരവായി. പിന്നീട് 25.01.2021-ലെ സ.ഉ.(കൈ) നം.41/2021/പൊ.വി.വ പ്രകാരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ അതിൽ രണ്ടാം ഭാഷയായി അറബിക് തസ്തിക ഉൾപ്പെടുത്തിയിരുന്നില്ല. നിലവിൽ ടി സ്കൂളിൽ ആകെ 3 എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികകളും 8 എച്ച്.എസ്.എസ്.ടി തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഐ.സി.ടി സെൽ ഡാറ്റ പ്രകാരം സ്കൂളിൽ അറബിക് ഉപഭാഷയായി പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം പരിശോധിക്കുമ്പോൾ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (അറബിക്) തസ്തിക സൃഷ്ടിക്കുന്നതിനുള്ള മതിയായ ജോലിഭാരം ഉള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം ലഭ്യമാക്കുകയുണ്ടായി

*"ബഹു. ഹൈക്കോടതിയുടെ 29.09.2025 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചേരാനെല്ലൂർ അൽ ഫാറൂഖിയ സ്കൂളിൽ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (അറബിക്) തസ്തിക സൃഷ്ടിക്കാൻ അനുമതി നൽകാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*മേൽ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

5) ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചേരാനെല്ലൂർ അൽ-ഫാറൂഖിയ സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി-ജൂനിയർ (അറബിക്) തസ്തിക സൃഷ്ടിച്ച് അപ്രകാരം WP(C)No.27435/2025 കേസിലെ 29.09.2025 ലെ വിധിന്യായം നടപ്പിലാക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കോഴിക്കോട് കാരന്തൂർ കാന്തപുരം എ.പി.അബൂബക്കർ മുസലിയാർ മർക്കസ് സഖാഫത്തി സുന്നിയ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള എറണാകുളം ചേരാനെല്ലൂർ അൽ-ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.ടി-ജൂനിയർ (അറബിക്) തസ്തിക പുതുതായി സൃഷ്ടിക്കുകയും അപ്രകാരം WP(C)No. 27435/2025 കേസിലെ 29.09.2025 ലെ വിധിന്യായം നടപ്പിലാക്കുകയും ചെയ്യാവുന്നതാണോ.